No. 4116/K-5/KCBC/OL/DS 09.06.2025

# പരിഷ്ക്കരിച്ച പിഒസി ബൈബിൾ വിശ്വാസി സമൂഹത്തിന്റെ ഉപയോഗത്തിനായി സമർപ്പിക്കുന്ന വേളയിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2008-ൽ ആരംഭിച്ച്, നീണ്ട 16 വർഷത്തെ പരിശ്രമഫലമായുള്ള പരിഷ്ക്കരിച്ച പിഒസി ബൈബിൾ (Revised POC Bible) സഭയ്ക്ക് സമർപ്പിക്കുമ്പോൾ, കേരളസഭയ്ക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിക്കും പിഒസിക്കും കെസിബിസി ബൈബിൾ കമ്മീഷനും ഇത് അഭിമാനത്തിന്റെ ചരിത്രമുഹൂർത്തമാണ്. കെസിബിസി ബൈബിൾ കമ്മീഷൻ മലയാളത്തിലേക്ക് വിവർത്തനംചെയ്ത്, പിഒസി ആദ്യമായി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചത് 1981-ലാണ്. ഭാഷാലാളിത്യത്താലും വായനക്ഷമതയാലും പരക്കെ ജനകീയത നേടിയ പിഒസി ബൈബിൾ, കഴിഞ്ഞ നാല്പതിൽപരം വർഷങ്ങളായി വായിക്കാനും പഠിക്കാനും ധ്യാനിക്കാനും അനേകംപേർ താത്പര്യപൂർവം ഉപയോഗിച്ചുവരുന്നു.

വിശുദ്ധഗ്രന്ഥത്തിന്റെ മൂലരൂപത്തോടു വിശ്വസ്തത പുലർത്തുന്നതും പ്രമാദരഹിതവുമായ വിവർത്തനങ്ങൾ ദൈവജനത്തിനു ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (ദൈവവചനം ഖ. 22) നിർദേശിക്കുന്നു. 2010-ൽ ബനഡിക്ട് പതിനാറാമൻ പാപ്പാ പുറത്തിറക്കിയ, "കർത്താവിന്റെ വചനം" (*Verbum Domini*) എന്ന സിനഡനന്തര അപ്പസ്തോലിക ആഹ്വാനവും ബൈബിൾ പരിഭാഷ നടത്തുന്നതിന്റെയും ബൈബിൾ സംബന്ധ പഠനങ്ങളുടെ പുരോഗതി അനുസരിച്ച് പരിഭാഷകൾ പരിഷ്ക്കരിക്കുന്നതിന്റെയും പ്രാധാന്യം ഊന്നിപറയുന്നു (ഖ.115 കാണുക). ഈ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് സമീപകാലങ്ങളിൽ ആധുനിക ഭാഷകളിലെ ബൈബിൾ വിവർത്തനങ്ങൾ പരിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ഇതിനോടകം പരിഷ്ക്കരിച്ച പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 2008-ൽ ആരംഭിച്ച പിഒസി ബൈബിളിന്റെ പരിഷ്ക്കരണം വിവിധഘട്ടങ്ങളിലൂടെ കടന്നുപോയി 2024-ൽ പൂർത്തീകരിക്കപ്പെട്ടു. ബൈബിൾ പരിഷ്ക്കരണപ്രക്രിയയിൽ പ്രവർത്തിച്ച ബൈബിൾ പണ്ഡിതർക്കും ഭാഷാ സംശോധന നടത്തിയവർക്കും സഹായികളായിരുന്ന മറ്റെല്ലാവർക്കും അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ വർഷത്തിൽ പരിഷ്ക്കരിച്ച പതിപ്പിന്റെ വിപുലമായ പ്രസിദ്ധീകരണവും പ്രചാരണവും സാധ്യമാകുമ്പോൾ നിലവിലുള്ള പിഒസി ബൈബിളിനെക്കുറിച്ചും പരിഷ്ക്കരിച്ച പിഒസി ബൈബിളിനെ സംബന്ധിച്ചും വിശ്വാസികൾക്കുള്ള രണ്ടു നിർദേശങ്ങൾ നല്കുന്നു.

1. പരിഷ്ക്കരിച്ച പതിപ്പിന്റെ പ്രസിദ്ധീകരണത്തോടെ നിലവിലുള്ള പിഒസി ബൈബിളിന്റെ സാധുത ഇല്ലാതാകുന്നില്ല. വായിക്കാനും പഠിക്കാനും ധ്യാനിക്കാനും നിലവിലുള്ള പിഒസി ബൈബിളിന്റെ ഉപയോഗം തുടരാവുന്നതാണ്.
2. പരിഷ്ക്കരിച്ച പിഒസി ബൈബിൾ, മൂലഗ്രന്ഥങ്ങളോട് കൃത്യത പുലർത്തിക്കൊണ്ട് പഠിതാക്കൾക്കും സാധാരണക്കാർക്കും ഉപയുക്തമാകുന്ന പരിഷ്ക്കരണമാണ് കെസിബിസി ബൈബിൾ കമ്മീഷൻ ലക്ഷ്യമിട്ടത്. അതിനാൽ ഗവേഷണപരമായ പഠനങ്ങൾക്ക് പരിഷ്ക്കരിച്ച പിഒസി ബൈബിൾ കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളസഭയിലും പൊതുസമൂഹത്തിലും ദൈവവചനശോഭ പകർന്നുകൊടുക്കുന്നതിന് പിഒസി ബൈബിളിന്റെ വിവിധ പതിപ്പുകൾക്കാകട്ടെ എന്നാശംസിച്ചുകൊണ്ട്,

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ,**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ,**
ചെയർമാൻ, കെസിബിസി ബൈബിൾ കമ്മീഷൻ

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ

**ബിഷപ് ഡോ. തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

NB: 2025 ജൂൺ 29 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്